(ബി) ഈ വർഷത്തെ പൂരത്തിന് മുൻപായി സംഖ്യ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ നൽകിവരുന്ന സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആറാട്ടുപുഴ പൂരം നടക്കുന്ന പ്രദേശത്ത് ബ്യൂട്ടിഫിക്കേഷനുവേണ്ടി പ്രത്യേകം സഹായം അനുവദിക്കുമോ;

(ഇ) പൂരനഗരിയിലേക്കു പ്രവേശിക്കുന്ന സ്ഥലത്ത് ഒരു കവാടം നിർമ്മിക്കുന്നതിന് അനുമതി നൽകുമോ;

(എഫ്) പൂരത്തിനു വരുന്ന വിദേശികൾ ഉൾപ്പെടെയുള്ളവർക്ക് ഇരിക്കുന്നതിനും പൂരക്കാഴ്ചകൾ കാണുന്നതിനുമായി ഒരു പവലിയൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പൂരത്തിന്റെ കാഴ്ചകളും ചടങ്ങുകളും ദൂരദർശനിൽ പ്രക്ഷേപണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറാട്ടുപുഴ പൂരത്തിന് 2003-ൽ കേന്ദ്രസഹായമായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി, ഇ, എഫ് & ജി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

പാലരുവിയെ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

98 [2715] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലരുവി ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുള്ള ഏതെങ്കിലും ശുപാർശ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പാലരുവിയെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പാലരുവി തെന്മല ഇക്കോ ടൂറിസത്തിന്റെ ഒരു ഉപകേന്ദ്രമാണ്. പാലരുവിയുടെ വികസനത്തിനായി 1999 മുതൽ ആവശ്യമായ ധനസഹായം നൽകി വരുന്നു. പാലരുവി വെള്ളച്ചാട്ടത്തിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നത് തദ്ദേശവാസികളെ ഉൾപ്പെടുത്തി വനംവകുപ്പ് രൂപകൽപ്പന ചെയ്ത വനം സംരക്ഷണ സമിതി മുഖേനയാണ്. പാലരുവിയിൽ പാർക്കിങ്ങിനുള്ള സൗകര്യം, കുളിക്കടവുകൾ, സുരക്ഷാവേലികൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, ലഘുഭക്ഷണശാല, ഗൈഡു സർവ്വീസുകൾ തുടങ്ങിയ സൗകര്യങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) പാലരുവിയിലെ മാലിന്യശേഖരണത്തിനും സംസ്കരണത്തിനും, കടുവാപ്പാറയിൽ (വെള്ളച്ചാട്ടത്തിന് മുകളിൽ) ചെക്ക് ഡാം നിർമ്മിച്ച് കുളിക്കടവ് സജ്ജമാക്കുന്നതിനും പാർക്കിംഗ് സൗകര്യങ്ങളുടെ വിപുലീകരണം, ചരിത്രാവശിഷ്ടങ്ങളുടെ സംരക്ഷണം തുടങ്ങിയവയ്ക്ക് വേണ്ടി 2004-05 സാമ്പത്തികവർഷത്തിൽ 6.7 ലക്ഷം രൂപ ടൂറിസം വകുപ്പ് വകയിരുത്തുകയുണ്ടായി.

ടൂറിസ്റ്റുകളെ ആകർഷിക്കാൻ നടപടി

99 [2716] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരിയിലെ മുഡിര മഹാകാളിക്കാവ് പൂരം, മച്ചാട് മാമാങ്കം, കുറ്റിയങ്കാവ് വേല എന്നിവ വിദേശികളെ ആകർഷിക്കുന്നവയായതുകൊണ്ട് ഇവയ്ക്ക് സാമ്പത്തിക സഹായം നൽകാൻ നടപടിയുണ്ടാകുമോ;

(ബി) പൂരത്തിന്റെ സീസണിലെ ടൂറിസ്റ്റുകളുടെ സാദ്ധ്യതയെ പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രകൃതിരമണീയമായ വാഴാനി വന്യമൃഗ സങ്കേതവും വാഴാനി ഡാമും ടൂറിസ്റ്റുകളെ ഏറെ ആകർഷിക്കുന്ന സ്ഥലമാണെന്നത് പരിഗണിച്ച് ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ എടുക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly